വ്യാജമദ്യം കച്ചവടം

76 (1783) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശമദ്യ ബാറുകൾ അടച്ചുപൂട്ടിയ ശേഷം വ്യാജമദ്യം കച്ചവടം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) മുൻവർഷങ്ങളെ അപേക്ഷിച്ച് വ്യാജ മദ്യകച്ചവടം വർദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വ്യാജമദ്യകച്ചവടം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) വിദേശ മദ്യബാറുകൾ അടച്ചുപൂട്ടിയശേഷം വ്യാജമദ്യം കച്ചവടം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ 289 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വ്യാജമദ്യ കച്ചവടം തടയുന്നതിനായി സംസ്ഥാനത്തെ എല്ലാ എക്സൈസ് ഡിവിഷനുകളിലും ഊർജ്ജിതമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമേ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും പട്രോളിംഗിനുമായി സ്പെക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. പകലും രാത്രിയും വിവിധ എക്സൈസ് പാർട്ടികൾ ദേശീയ പാതയിലും മറ്റ പ്രധാന റോഡുകളിലും വാഹന പരിശോധന നടത്തുന്നുണ്ട്. കേരളത്തിലേക്ക് സ്പിരിറ്റുൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തിക്കൊണ്ടുവരാനുള്ള സാധ്യതകൾ മുന്നിൽകണ്ട് എല്ലാ ചെക്ക് പോസ്റ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള സ്പെഷ്യൽ സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും

LIBRARY ARCHIVES Kerala Legislative Assembly

വ്യാജമദ്യ കടത്ത്, നിർമ്മാണം, വില്പന എന്നിവ സംബന്ധിച്ച് ഇന്റലിജൻസ് വിവരം ശേഖരിച്ച് അതിന്മേൽ നടപടി എടുത്തുവരുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് പുതിയ വഴികളിലൂടെ സ്പിരിറ്റ്, വ്യാജമദ്യം എന്നിവ കടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. കൂടാതെ ദേശീയപാതകളിൽ വാഹന പരിശോധന നടത്തുന്നുമുണ്ട്. താലൂക്ക് തലങ്ങളിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ കീഴിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചും ജനകീയ കമ്മിറ്റികൾ യഥാസമയം കൂടിയും പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികളിന്മേൽ പരിശോധന നടത്തിയും വ്യാജമദ്യക്കച്ചവടത്തിനെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, സംസ്ഥാനതലത്തിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ജൂൺ 15 മുതൽ ജൂലൈ 15 വരെ "ഓപ്പറേഷൻ മൺസൂൺ" എന്ന പേരിൽ സ്പെഷ്യൽ ഡ്രൈവ് പ്രവർത്തനങ്ങൾ നടത്തി വരുന്നുമുണ്ട്.

ബാറുകളുടെ ലൈസൻസ് പുതുക്കൽ

80 (1784) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്രവീതം ബാറുകൾക്ക് ലൈസൻസ് നൽകുകയുണ്ടായിട്ടുണ്ട് ;

(ബി) 2014-15 സാമ്പത്തിക വർഷം ലൈസൻസ് പുതുക്കി നൽകിയവ എത്ര; പുതുതായി ലൈസൻസ് നൽകിയവ എത്ര ;

(സി) ലൈസൻസിനുള്ള ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട് ; ലഭിച്ച എത്ര അപേക്ഷകൾ തള്ളിക്കളഞ്ഞിട്ടുണ്ട് ; സർക്കാരിന്റെ പരിഗണനയിലിരിക്കുന്നവ എത്ര; അവ ഏതെല്ലാം ;

(ഡി) വൈൻ/ബിയർ പാർലർ ലൈസൻസിനുള്ള എത്ര അപേക്ഷ ഈ വർഷം ലഭിച്ചു ; എത്രപേർക്ക് ലൈസൻസ് നൽകുകയുണ്ടായി ; പരിഗണനയിലിരിക്കുന്നവ എത്ര; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഫൈവ് സ്റ്റാർ വിഭാഗത്തിൽപ്പെട്ട 27 ഹോട്ടലുകൾക്ക് നിലവിൽ ബാർ ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) 2014-15 വർഷത്തിൽ 318 ബാർ ലൈസൻസുകൾ പുതുക്കി നൽകിയിരുന്നു. 2014-15-ൽ പുതുതായി 2 ബാർ ലൈസൻസുകൾ നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly